പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2961

18/06/2019-ൽ മറുപടിയ്ക്ക്

## മഹാപ്രളയത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുണ്ടായ സാമ്പത്തിക നഷ്ടം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ.കെ. രാജൻ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ** | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മഹാപ്രളയത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുണ്ടായ സാമ്പത്തിക നഷ്ടം വിലയിരുത്തിയിട്ടുണ്ടോയെന്നറിയിക്കുമോ; | (എ) വിലയിരുത്തിയിട്ടുണ്ട്. |
| (ബി) പുതിയ അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ കേടുപാടു പറ്റിയ കെട്ടിടങ്ങളുടെ പരമാവധി പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ, വ്യക്തമാക്കുമോ; | (ബി) പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുന്നോടിയായി കേടുപാടു പറ്റിയ കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പരമാവധി പൂർത്തിയായിട്ടുണ്ട്. പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാകാത്ത സ്കൂളുകളിൽ അദ്ധ്യയനം തടസ്സം വരാത്ത രീതിയിൽ പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) വിവിധ സ്കൂളുകളിൽ നൽകിയിരുന്നതും പ്രളയത്തിൽ കേട്ടു വന്നതുമായ കമ്പ്യൂട്ടർ, ലാപടോപ്, പ്രൊജക്ടർ എന്നിവ പുനഃസ്ഥാപിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; | (സി) വിവിധ സ്കൂളുകളിൽ പ്രളയത്തിൽ കേടുവന്ന കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രോജക്ടർ എന്നിവ പരമാവധി പുനഃസ്ഥാപിച്ചിട്ടുണ്ട്. പുനഃസ്ഥാപിക്കാൻ കഴിയാത്ത സ്കൂളുകളിൽ ഇവ പുനഃസ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. |
| (ഡി) വാറന്റി കാലാവധി കഴിയാത്തതിനാൽ കമ്പ്യൂട്ടർ, ലാപടോപ്, പ്രൊജക്ടർ എന്നിവയ്ക്ക് പകരം പുതിയവ ബന്ധപ്പെട്ട കമ്പനികൾ പുനഃസ്ഥാപിച്ചിട്ടുണ്ടോ; | (ഡി) വാറന്റി കാലാവധി കഴിയാത്തതിനാൽ കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രോജക്ടർ എന്നിവയ്ക്ക് പകരം പുതിയവ ബന്ധപ്പെട്ട കമ്പനികൾ പുനഃസ്ഥാപിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സാമൂഹിക പ്രതിബദ്ധത സ്കീമിൽ (CSR)ഉൾപ്പെടുത്തി മറ്റേതെങ്കിലും സഹായങ്ങൾ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | തൃശ്ശൂർ ജില്ലയിൽ '100 ഫോർ 100 ഫൗണ്ടേഷൻ ', ഹൈദ്രാബാദ്, 'ബ്ലൂം ഇൻഡ്യാ ലിമിറ്റഡ് ' എന്നീ കമ്പനികൾ മുഖാന്തിരം3 സ്കൂളുകളിൽ പുനരുദ്ധാരണത്തിനും ശുചിമുറി നിർമ്മാണത്തിനും ഫണ്ട് ലഭിച്ചിട്ടുണ്ട്.<br>ആലപ്പുഴ ജില്ലയിൽ 'ഏഷ്യാനെറ്റ് പ്ലാൻ ഇൻഡ്യ'യുടെയും 'കെ.എസ്.എഫ്.ഇ'യുടേയും നേതൃത്വത്തിൽ ആർ.ഒ പ്ലാന്റ് സംവിധാനം ഒരു സ്കൂളിൽ ഒരുക്കിയിട്ടുണ്ട്.<br>കൂടാതെ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിന്റെ സി.എസ്.ആർ ഫണ്ടിൽ നിന്നും 50,00,000/- (അൻപത് ലക്ഷം) രൂപയുടെ സഹായം ലഭ്യമാക്കുന്നതിനായി കഴിഞ്ഞ വർഷം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ പൂർണ്ണമായി തകർന്ന 5 സർക്കാർ സ്കൂളുകളെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. |

Namitha T

**സെക്ഷൻ ഓഫീസർ**